

17-01-2023

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : PADMAM S    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/01/2023.

1. സംസ്ഥാനത്ത് മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളുടെ സേവനം ഊർജിതമാക്കുമെന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി ജെ.ചിഞ്ചു റാണി അറിയിച്ചു. വർക്കല ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച ക്ഷീരസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. രാത്രിയിലും വെറ്റിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും. മൃഗ ചികിത്സാ സംവിധാനങ്ങൾക്കായി 1962 എന്ന ടോൾഫ്രീ നമ്പർ കർഷകർ പ്രയോജനപ്പെടുത്തണം. കന്നുകുട്ടി പരിപാലനത്തിനുള്ള ആനുകൂല്യം ഉയർത്തുന്നത് പരിഗണനയിൽ ഉണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഏറ്റവും കൂടുതൽ പാൽ സംഭരിച്ച ക്ഷീരകർഷക സംഘത്തിനുള്ള പുരസ്കാരം ചെമ്മരുതി ക്ഷീരസംഘത്തിന് മന്ത്രി നൽകി. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വർക്കല ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ, വർക്കല മുൻസിപ്പാലിറ്റി വിവിധ ക്ഷീര സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിലാണ് ക്ഷീര സംഗമം നടത്തിയത്. കന്നുകാലി പ്രദർശനം. ക്ഷീരവികസന സെമിനാർ, ഡയറി എക്സിബിഷൻ, ക്ഷീരകർഷകരെ ആദരിക്കൽ, ക്ഷീര സംഘങ്ങൾക്കുള്ള അവാർഡ് വിതരണം എന്നിവയും പരിപാടിയോടനുബന്ധിച്ച് നടന്നു. ഒറ്റൂർ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ ആതിഥേയത്ത്വത്തിലായിരുന്നു പരിപാടി.

2. ജന്തുജന്യ രോഗങ്ങളെ നേരിടാൻ സംസ്ഥാനത്തെ സുസജ്ജമാക്കുമെന്ന് മന്ത്രി ജെ. ചിഞ്ചു റാണി പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി തുടങ്ങി മനുഷ്യരിലേക്ക് പടർന്നേക്കാവുന്ന രോഗങ്ങളെ നേരിടാൻ സംസ്ഥാനത്തെ സജ്ജമാക്കുമെന്ന് മന്ത്രി ചിഞ്ചുറാണി പറഞ്ഞു. കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ചർമ്മ മുഴ വാക്സിന്റെ സംസ്ഥാന തല വിതരണോദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. രോഗനിർണ്ണയം സൂക്ഷ്മമാക്കുവാനും അതപ്പോൾ തന്നെ പ്രഖ്യാപിക്കുവാനുള്ള ബി.എസ്.എൽ 3 അംഗീകാരത്തിലേക്ക് പാലോട് പ്രവർത്തിക്കുന്ന സംസ്ഥാന മൃഗ രോഗനിർണ്ണയ കേന്ദ്രത്തെ ഉയർത്തും. പേവിഷബാധയ്ക്കെതിരേയുള്ള വാക്സിനുകൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ഇതിനായി വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്. കാലികളിൽ പടരുന്ന ചർമ്മ മുഴ നിയന്ത്രിക്കുവാൻ ഇന്നു മുതൽ ഒരു മാസക്കാലത്തേക്ക് സൗജന്യ പ്രതിരോധ കുത്തിവയ്പ് കാമ്പയിൻ ആരംഭിക്കും. ഇതിനായി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംസ്ഥാനത്ത് 10 ലക്ഷം ഡോസ് വാക്സിൻ സംഭരിച്ചിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ കർഷകരുടെ ഭവനങ്ങൾ സന്ദർശിച്ചാണ് കുത്തിവയ്പ് നടത്തുന്നത്.

3. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും വകുപ്പിലെ ഉദ്യോഗസ്ഥരും കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കൃഷിദർശൻ എന്ന പരിപാടി 2023 ജനുവരി 24 മുതൽ 28 വരെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിൽ ആരംഭിക്കുന്നു. ഇതിനോടനുബന്ധിച്ചുള്ള എക്സിബിഷന്റെ ഉദ്ഘാടനം ജനുവരി 24-ന് രാവിലെ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി. ആർ അനിൽ നിർവഹിക്കും. 27-ന് കൃഷിമന്ത്രി പങ്കെടുക്കുന്ന ഭവനകൂട്ടായ്മ, 28-ന് നടക്കുന്ന പൊതുസമ്മേളനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. പരിപാടിക്ക് മുന്നോടിയായി കർഷകർക്ക് അവരുടെ പരാതികൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിന്റെ പുതിയ പതിപ്പായ www.aimsnew.kerala.gov.in വഴിയാണ് കർഷകർ പരാതികൾ സമർപ്പിക്കേണ്ടത്. 2023 ജനുവരി 16 മുതൽ 20 വരെയാണ് പരാതികൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. എഴുതി തയ്യാറാക്കിയ പരാതികൾ ഓൺലൈനായി അപ്‌ലോഡും ചെയ്യാവുന്നതാണ്. കർഷകർക്ക് നേരിട്ടോ, അതാത് കൃഷിഭവനുകൾ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്.

4. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ വൈഗ 2023 അന്തർദേശീയ പ്രദർശനവും ശില്പശാലയും **ഫെബ്രുവരി 25 മുതൽ മാർച്ച് 02 വരെ** തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്നു.

5. 2023 അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് അന്താരാഷ്ട്ര ട്രേഡ് ഫെയർ 'ഓർഗാനിക്സ് ആന്റ് മില്ലറ്റ്സ്' 2023 ജനുവരി 20 മുതൽ 22 വരെ ബാംഗ്ലൂർ വച്ച് നടത്തപ്പെടുന്നു.

6. താമരക്കുളം കേരഗ്രാമം പദ്ധതി ഉദ്ഘാടനം ജനുവരി 18 ന് വൈകിട്ട് 5 മണിയ്ക്ക് താമരക്കുളം വാഴവിളയിൽ ഓഡിറ്റോയിയത്തിൽ വച്ച് ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അവർകൾ നിർവ്വഹിക്കുന്നു. അതോടനുബന്ധിച്ച് രാവിലെ 10 മണി മുതൽ സ്റ്റാളുകളുടെ പ്രദർശനവും ഉച്ചയ്ക്ക് 2

മണിയ്ക്ക് തെങ്ങു കൃഷി പരിപാലനം, രോഗകീട നിയന്ത്രണം എന്നീ വിഷയങ്ങളിൽ സെമിനാർ നടക്കുന്നു.

7. ക്ഷീരവികസന വകുപ്പ് സംസ്ഥാന ക്ഷീര സംഗമം പടവ് PADAVU – Practical Agro Dairy Activities through Value addition and cooperative Unification 2022-23 ഫെബ്രുവരി രണ്ടാം വാരം തൃശ്ശൂരിൽ വച്ച് നടക്കുന്ന സംസ്ഥാന ക്ഷീര സംഗമത്തിനു അനുയോജ്യമായ ലോഗോ ക്ഷണിക്കുന്നു.

ലോഗോ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

a). PADAVU – Practical Agro Dairy Activities through Value addition and cooperative Unification എന്ന വാക്ക് ഉൾക്കൊള്ളിക്കണം

b). ക്ഷീരമേഖല, മൂല്യ വർദ്ധനവ്, സഹകരണ തത്വങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ തരത്തിലായിരിക്കണം ലോഗോ തയ്യാറാക്കേണ്ടത്

c). മുൻപ് പ്രസിദ്ധീകരിച്ചവയോ മത്സരത്തിന് അയച്ചവയോ ആയിരിക്കരുത് .

d). ഒരാൾക്ക് ഒരു എൻട്രി മാത്രം

e). ലോഗോ 21/01/2023 ന് വൈകുന്നേരം 5 മണിക്ക് മുൻപായി logo4sks@gmail.com എന്ന ഈമെയിൽ വിലാസത്തിൽ ലഭിക്കേണ്ടതാണ്.

f). തിരഞ്ഞെടുക്കപ്പെടുന്ന ലോഗോ എഡിറ്റ് ചെയ്യുവാൻ കഴിയുന്ന ഫോർമാറ്റിൽ നൽകേണ്ടതാണ്.

g). ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

h). തിരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് ക്ഷീര സംഗമത്തിന്റെ ഉദ്ഘാടന ചടങ്ങിൽ വച്ച് പുരസ്കാരം നൽകുന്നതാണ്.

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ നല്ല കായ്ഫലം തരുന്ന ഏകദേശം 1400 തെങ്ങുകളിൽ നിന്ന് 01/02/2023 മുതൽ 31/01/2024 വരെയുള്ള ഒരുവർഷ കാലയളവിൽ കരിക്കും നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശത്തിന് ഈ മാസം 23-ന് (23.01.2023 ന്) രാവിലെ 12.00 മണിക്ക് പരസ്യ ലേലം നടത്തുന്നതായിരിക്കും. www.kau.in എന്ന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

സർവ്വകലാശാല വെബ്സൈറ്റിൽ തെങ്ങ് ദർഘാസ്/ലേലനോട്ടീസ് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി നേരിട്ടോ, **0487 2961457** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

9. വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ കോളേജുകളിലായി ബി.ടെക് ഡയറി ടെക്നോളജി, ഫുഡ് ടെക്നോളജി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ ഈ മാസം 17-ന് (17.01.2023 ന്) നടത്തുന്നു. താൽപര്യമുള്ള വിദ്യാർഥികൾ വയനാട് ജില്ലയിലെ പൂക്കോടുള്ള സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സിലെ ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച് കാര്യാലയത്തിൽ 17-ന് (17.01.2023) രാവിലെ 11.00 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

10. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2023 ജനുവരി 19 ന് (19.01.2023) ആട് വളർത്തൽ, 21 ന് (21.01.2023) മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ 9188522708 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചു ഓഫീസ് സമയങ്ങളിൽ ഈ നമ്പറിൽ വിളിച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

11. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ഓച്ചിറ, ക്ലാപ്പന, തഴവ, കുലശേഖപുരം, തൊടിയൂർ, ആലപ്പാട് , മൈനാഗപ്പള്ളി, ശൂരനാട് നോർത്ത്, ശൂരനാട് സൗത്ത് തേവലക്കര പന്മന, ചവറ, തെക്കുംഭാഗം, നീണ്ടകര ഗ്രാമ പഞ്ചായത്തുകളിൽ മൃഗസംരക്ഷണ വകുപ്പും ഓണാട്ടുകര വികസന സമിതിയും ചേർന്ന് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന **പോത്തുകുട്ടി പരിപാലന പദ്ധതി** യുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ടി പഞ്ചായത്ത് മുനിസിപ്പാലിറ്റിയിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഈ പദ്ധതി പ്രകാരം 334 കർഷകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്. മേൽപ്പറഞ്ഞ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലെ താത്പര്യമുള്ള കർഷകർ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി പരിധിയിൽപ്പെടുന്ന മൃഗാശുപത്രികളിൽ 20/01/2023 -നകം അപേക്ഷ നൽകേണ്ടതാണെന്ന് കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

12. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 17 രാവിലെ 10 മണിക്ക് ആതവനാട് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഏകദിന

പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കർഷകർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0494-2962296** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

13. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ടെക്നിക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ ജനുവരി 23-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. ഏതെങ്കിലും ജീവശാസ്ത്രശാഖകളിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **0481 2351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

14. വെള്ളരിവർഗ്ഗപച്ചക്കറികളിൽ കായീച്ചയുടെ ആക്രമണം തടയുന്നതിനായി കേടുവന്ന കായകൾ പറിച്ച് നീക്കം ചെയ്ത് നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറോമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ പാളയംകോടൻ പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ രണ്ടു മില്ലി സയാൻഡ്രനീലിപ്രോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം